(ഐ) ഓരോ വർഷവും ഓരോ വിദ്യാർത്ഥികളെ വീതം പ്രവേശിപ്പിച്ചിട്ടുണ്ട്. പേരുകൾ യഥാക്രമം താഴെ ചേർക്കുന്നു.

2000-01 - ശ്രീ. റോബിൻ സിറിയക്ക്

2001-02 - ശ്രീ. അനൂപ്. വി

2002-03 - ശ്രീ. ഗിരീഷ്. കെ. ആർ.

(ജെ) ഷിപ്പ് ബിൽഡിംഗ് കോഴ്സിൽ പേമെന്റ് സീറ്റില്ലാത്തതിനാൽ സ്പോർട്സ് ക്വാട്ട ഫ്രീ സീറ്റിലാണ് വരുന്നത്.

(കെ) സർവ്വകലാശാലയിലെ സ്പോർട്സ് ക്വാട്ട പ്രവേശനത്തെപ്പറ്റി പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു സിൻഡിക്കേറ്റ് സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് സർവ്വകലാശാല അറിയിക്കുന്നു.

## കേരള യൂണിവേഴ്സിറ്റി അറബിക് ഡിപ്പാർട്ട്മെന്റിലെ റീഡർ തസ്തിക

190 (2939) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിൽ അറബിക് ഡിപ്പാർട്ടുമെന്റിൽ റീഡർ തസ്തിക നിലവിലുണ്ടോ ;

(ബി) അറബിക് ഡിപ്പാർട്ടുമെന്റിൽ റീഡർ പോസ്റ്റ് സൃഷ്ടിക്കുന്നതിനു വേണ്ടി യൂണിവേഴ്സിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണ് ശുപാർശ ചെയ്തത് ; എത്ര തസ്തികകൾ ;

(ഡി) ഇതിന്മേൽ ഗവൺമെന്റ് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) യൂണിവേഴ്സിറ്റി ശുപാർശ ചെയ്ത തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(എഫ്) തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഒരു റീഡർ തസ്തികയും രണ്ട് ലക്ചറർ തസ്തികകളും സൃഷ്ടിക്കുന്നതിന് അനുമതിയ്ക്കായി 23-11-2002-ലെ കത്തുപ്രകാരം ശുപാർശ ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലും പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് വിലക്ക് നിലവിലുള്ളതിനാൽ ശുപാർശ നിരാകരിച്ച് മറുപടി നൽകിയിട്ടുണ്ട്.

(ഇ) പിരിവ് (ഡി)-യിൽ പറഞ്ഞിട്ടുള്ള തടസ്സം നിലവിലുണ്ട്.

(എഫ്) പുതിയ തസ്തിക സൃഷ്ടിക്കുന്നതിൽ ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്ന മുറയ്ക്ക് തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നതാണ്.

**കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ഡിഗ്രി കോഴ്സിന്റെ പരീക്ഷാഫലം തടഞ്ഞുവച്ചതിനെതിരെ നടപടി**

**191 (2940)** ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ഏതെങ്കിലും കോളേജുകളിൽ ഏതെങ്കിലും കോഴ്സിന്റെ എല്ലാ വിദ്യാർത്ഥികളുടേയും പരീക്ഷാഫലം തടഞ്ഞുവയ്ക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഡിഗ്രികോഴ്സിന്റെ ഫലമാണ് തടഞ്ഞു വച്ചതെന്നും കാരണം എന്താണെന്നും വെളിപ്പെടുത്താമോ ;

(സി) തടഞ്ഞു വച്ചിട്ടുണ്ടെങ്കിൽ പരീക്ഷാഫലം തടഞ്ഞുവയ്ക്കാൻ ഇടയാക്കിയതിന് കാരണക്കാരായവരുടെ പേരിൽ നടപടി എടുക്കുമോ ?

ഉത്തരം

(എ&ബി) ശ്രീ കേരള വർമ്മ കോളേജിലെ ബി.എസ്.സി. ഫിസിക്സ് കോഴ്സിന്റെ മൂന്നാം വർഷഫലം തടഞ്ഞുവയ്ക്കുകയുണ്ടായി. തെറ്റായ കോഡ് നമ്പർ ചേർത്തായിരുന്നു ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിന് സർവ്വകലാശാലയിൽ ലഭിച്ചത് എന്നതിനാലാണ് പരീക്ഷാഫലം തടഞ്ഞുവച്ചത്.

(സി) സംഭവത്തിന് കാരണക്കാരായവർ ആരെല്ലാമാണെന്ന് അന്വേഷിച്ചുകൊണ്ടുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായും പരീക്ഷാഫലം 10-7-2003-ന് പ്രസിദ്ധീകരിച്ചതായും സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**കോഴിക്കോട് സർവ്വകലാശാലയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്**

**192 (2941)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ 2-ാം ഗ്രേഡ് അസിസ്റ്റന്റായി നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly